## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1194 30.01.2018 - ൽ മറുപടിക്ക്**

**കൊല്ലം - തേനി ദേശീയപാത വീതി കൂട്ടി പുനർനിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. നൗഷാദ് :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കൊല്ലം-തേനി ദേശീയപാത 183 ന്റെ അലൈൻമെന്റ് സംബന്ധിച്ച അന്തിമ ശിപാർശ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) ദേശീയപാത 183 (പഴയ നമ്പർ. എൻ. എച്ച് 220) പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടു വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര മന്ത്രാലയം തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി സാധ്യതാ പഠനവും പദ്ധതി രൂപരേഖയും തയ്യാറാക്കുവാൻ കേന്ദ്ര മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ട്. കേന്ദ്ര മന്ത്രാലയം അംഗീകരിച്ച കൺസൾട്ടന്റുകൾ മുഖാന്തിരം കൊല്ലം - ആഞ്ഞിലിമൂട്, കോട്ടയം - പൊൻകുന്നം, മുണ്ടക്കയം - കുമളി എന്നീ ഭാഗങ്ങളിലെ സാധ്യതാ പഠനവും പദ്ധതി രൂപരേഖ തയ്യാറാക്കലും നടന്നുവരുന്നു. |
| (ബി) പ്രസ്തുത ദേശീയപാത വീതി കൂട്ടി പുനർനിർമ്മിക്കുന്നതിനുള്ള ശിപാർശ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (ബി) പ്രസ്തുത പാത 30 മീറ്ററായി വീതി കൂട്ടുന്നതിനുള്ള സാധ്യതാ പഠനവും വിശദമായ പദ്ധതി രൂപരേഖയും പുരോഗമിച്ചു വരുന്നു. പൂർത്തിയാകുന്ന മുറയ്ക്കു കേന്ദ്ര റോഡ് |

| | | | |
|---|---|---|---|
| | | | ഗതാഗത ഹൈവേ മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്. |
| (സി) | ഈ പാത വീതി കൂട്ടി പുനർനിർമ്മിക്കുന്നതിനുള്ള സർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (സി) | പ്രസ്തുത പാത വീതി കൂട്ടി നിർമ്മിക്കുന്നതിനുള്ള സർവ്വേ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**